(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്നതെന്നറിയിക്കുമോ ;

(സി) ഏജൻസികൾ തെരഞ്ഞെടുത്തത് ഏത് രീതിയിലൂടെയാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗിനായി തദ്ദേശസ്ഥാപനങ്ങൾ വിഹിതം കൈമാറേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിൽ കുടുംബശ്രീ അംഗങ്ങളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതിയാണ് മീഡിയാശ്രീ. അതിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും നൈപുണ്യ പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മ സംരംഭക പദ്ധതിയാണ് ഫ്രെയിംശ്രീ.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിലും പരസ്യം നൽകി ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) ഇല്ല.

കൃഷിഭവനുകൾ വഴിയുള്ള നാളികേരസംഭരണം'

28 (*297) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കൃഷി ഭവനുകൾ വഴി നാളികേരം സംഭരിക്കുന്നുണ്ടോ; അപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റെ വില നിലവാരം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേര കർഷകർക്ക് ഗുണമുണ്ടാകത്തക്ക രീതിയിൽ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളികേര ബോർഡിന്റെ ഏതെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കിലോയ്ക്ക് 25 രൂപ നിരക്കിലാണ് ഇപ്പോൾ നാളികേരം സംഭരിക്കുന്നത്.

(ബി) ഉണ്ട്. നാളികേരത്തിന്റെ ഉത്പാദന ചെലവിനനുസരിച്ച് കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുന്നതിനും താങ്ങുവിലയിൽ താഴെ കമ്പോള വിലയെത്തിയാൽ സംഭരണം ആരംഭിക്കുന്നതിനും നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പ് പച്ചത്തേങ്ങ ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ സംഭരിക്കുന്നത് തുടരുന്നതാണ്.

നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി

29 (*298) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമീണ മേഖലയിൽ, പൊതുവെ പഞ്ചായത്തുകളിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുക വഴി ഇ-ഗവേണൻസ് കാര്യക്ഷമമാക്കുകയും അതുവഴി ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമതയോടെ നൽകുവാനും ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഹെൽത്ത്, ഇ-ഗവേണൻസ്, ഇ-എഡ്യൂക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly